# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. T.1287

12/06/2014-ൽ മറുപടിക്ക്

### മൂലമ്പള്ളി - പിഴല, ചാത്തനാട് കടമക്കുടി പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ജിഡയുടെ പ്രവൃത്തികളായ മൂലമ്പള്ളി - പിഴല, ചാത്തനാട് കടമക്കുടി എന്നീ പാലങ്ങൾക്ക് മുഖ്യമന്ത്രി തറക്കല്ലിട്ടത് എന്നാണെന്ന് വ്യക്തമാക്കുമോ ; | (എ) മൂലമ്പള്ളി- പിഴല, ചാത്തനാട് കടമക്കുടി പാലങ്ങൾക്ക് മുഖ്യമന്ത്രി തറക്കല്ലിട്ടത് 29.12.2013 ൽ ആണ്. |
| (ബി) തുടർന്ന് ഇക്കാര്യത്തിൽ എന്ത് നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) മൂലമ്പള്ളി - പിഴല പാലങ്ങളുടെ നിർമ്മാണത്തിനുള്ള ടെണ്ടറിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ ക്ലിയറൻസ് 7.1.2014 ൽ നിബന്ധനകൾക്ക് വിധേയമായി ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾക്ക് പരിസ്ഥിതി വകുപ്പിൽ നിന്നും 25.5.2014 ൽ ക്ലിയറൻസ് കിട്ടിയിട്ടുണ്ട്. അതനുസരിച്ച് വലിയ കടമക്കുടി- ചാത്തനാട് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ട്. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ രണ്ടാമത്തെ നിബന്ധന പ്രകാരം മൂലമ്പള്ളി- പിഴല പാലത്തിന്റെ അപ്രോച്ച് റോഡും കൂടി പാലമായി പണിയേണ്ടി വരുന്നു. കൂടാതെ പിഴലയിൽ ട്രാഫിക്ക് ഐലന്റും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ നിർദ്ദേശ പ്രകാരം കപ്പൽ ഗതാഗതത്തിനുവേണ്ടി 7 മീറ്റർ പൊക്കവും 40 മീറ്റർ വീതിയുമുള്ള ഒരു സ്പാൻ കൂടി പാലത്തിന്റെ പുതിയ അലൈൻമെന്റ് പ്ലാനിൽ ഉൾപ്പെടുത്തുകയും എസ്റ്റിമേറ്റ് തുകയായ 81.75 കോടി രൂപയ്ക്ക് ജിഡയുടെ ജനറൽ കൗൺസിൽ അംഗീകാരം നൽകിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (സി) | പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | വലിയ കടമക്കുടി- ചാത്തനാട് പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മൂലമ്പിള്ളി- പിഴല പാലങ്ങളുടെ റീ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ